പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 6493 | 08.11. 2016 ൽ മറുപടി<br>നല്കേണ്ടത്. |

## മാനസിക രോഗം മാറിയവരുടെ പുനരധിവാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം മാറിയിട്ടും വീട്ടുകാരോ ബന്ധുക്കളോ ഏറ്റെടുക്കാൻ തയ്യാറാകാത്തവരുണ്ടോ; എങ്കിൽ അങ്ങനെ എത്ര പേരുണ്ട്; | എ) | ഉണ്ട്. 150 പേർ |
| ബി) | ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി) | സർക്കാർ നിർദ്ദേശപ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കിടത്തി ചികിത്സ ആവശ്യമില്ലാത്ത 92 അന്തേവാസികളെ 13 സ്ഥാപനങ്ങളിലേക്കും കേരളത്തിന് അകത്തുള്ള മറ്റ് അംഗീകൃതമായ 5 സ്ഥാപനങ്ങളിലേക്ക് 21 പേരെയും ചേർത്ത് ആകെ 113 പേരെ മാറ്റിയിട്ടുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുന്ന കുറേ രോഗികളെ കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്സസി (ഇംഹാൻസ്) ന്റെ കീഴിലുള്ള പുനരധിവാസ കേന്ദ്രത്തിൽ പുനരധിവസിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | രോഗം മാറിയവരെ വീടുകളിൽ എത്തിക്കാൻ 'കരുണ' എന്ന സന്നദ്ധ സംഘടന ശ്രമം നടത്തിയതും എന്നാൽ അവരുടെ വീട്ടുകാർ അവരെ ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | സി) | ഉണ്ട്. കരുണ എന്ന സംഘടനയുടെ ആംബുലൻസ് ഉപയോഗിച്ച് 33 അന്തേവാസികളെ വീടുകളിൽ എത്തിച്ചു. അതിൽ 2 അന്തേവാസികളെ സ്വീകരിക്കാൻ വീട്ടുകാർ തയ്യാറാകാതിരുന്നതുകൊണ്ട് തിരിച്ചു കൊണ്ടുവന്നിട്ടുണ്ട് |

സെക്ഷൻ ഓഫീസർ